റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ലാൻഡ് അക്വിസിഷൻ നടപടികൾ സ്വീകരിച്ച് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. മഹിളാലയം മുതൽ ചൊവ്വര വരെയുള്ള രണ്ട് പാലങ്ങളുൾപ്പെടെയുള്ള ഭാഗം 2017-ൽ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. ചൊവ്വര മുതൽ എയർപോർട്ടുവരെയുള്ള ഭാഗത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(5) മലയോര ഹൈവേ

ശ്രീ. ഒ. ആർ. കേളു: സർ, മാനന്തവാടിയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ അലൈൻമെന്റും എസ്റ്റിമേറ്റും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിനുശേഷം അലൈൻമെന്റിലും എസ്റ്റിമേറ്റിലും ചില സാങ്കേതിക പ്രശ്നങ്ങളുണ്ടെന്ന് കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്)-യും ചീഫ് എഞ്ചിനീയറും ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തി വീണ്ടും സമർപ്പിച്ചെങ്കിലും പദ്ധതി ടെണ്ടർ ചെയ്യാനോ തുടർ നടപടികളിലേയ്ക്ക് പോകാനോ സാധിച്ചിട്ടില്ല. അത്തരം കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ത്വരിതപ്പെടുത്തി പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട മാനന്തവാടി എം.എൽ.എ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10-07-2017-ൽ ഭരണാനുമതി നൽകിയ മലയോര ഹൈവേയെക്കുറിച്ചാണ് പറഞ്ഞത്. മലയോര ഹൈവേയിൽ വയനാട് ജില്ലയിലെ മലയോര ഹൈവേയുടെ ഒന്നാംഘട്ടം ഉൾപ്പെട്ടിരുന്നു. മൂന്ന് റീച്ചുകളായുള്ള പ്രവൃത്തിക്ക് 11-02-2020-ൽ 114.12 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചതാണ്. 31-12-2020-ലെ 70-ാം ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി സമർപ്പിച്ചെങ്കിലും എസ്റ്റിമേറ്റ് പുന:സമർപ്പിക്കാൻ നിർദ്ദേശിക്കുകയാണുണ്ടായത്. 30-03-2021-ൽ പുന:സമർപ്പിച്ച എസ്റ്റിമേറ്റ് മൂന്ന് ഭാഗങ്ങളായി ഓരോ റീച്ചിനും ഓരോ എസ്റ്റിമേറ്റായാണ് നൽകിയിരുന്നത്. ഒറ്റ സാമ്പത്തികാനുമതി ലഭിച്ച പ്രവൃത്തിയായതിനാൽ ഒരുമിച്ച് സാങ്കേതികാനുമതി നൽകേണ്ടതുണ്ട്. അതനുസരിച്ച് മൂന്ന് റീച്ചുകളുടെയും എസ്റ്റിമേറ്റ് ചേർത്ത് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി

LIBRARY ARCHIVES Kerala Legislative Assembly

അന്തിമഘട്ടത്തിലാണ്. ആയത് ഉടൻ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ സമർപ്പിക്കുന്നതും കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതുമാണ്.

(6) ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർനിർമ്മാണം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ് 24 കിലോമീറ്റർ ദൈർഘ്യമുള്ള ഈരാറ്റുപേട്ട-വാഗമൺ റോഡ്. മാത്രമല്ല കേരളത്തിന്റെ ടൂറിസം മാപ്പിൽ ഏറ്റവും പ്രസക്തിയുള്ള വാഗമണ്ണിലേയ്ക്കുള്ള പ്രധാനപ്പെട്ട റോഡും കൂടിയാണിത്. 1961-ൽ അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി യശ:ശരീരനായ ഡി. ദാമോദരൻ പോറ്റിയാണ് പ്രസ്തുത റോഡ് ഉദ്ഘാടനം ചെയ്തത്. അതിനുശേഷം കുഴിയടയ്ക്കൽ തുടങ്ങിയ അറ്റകുറ്റപ്പണികൾ ഒഴികെ ഒരു ഇംപ്രൂവ്മെന്റും ആ റോഡിനുണ്ടായിട്ടില്ല. ഇപ്പോൾ അത് ഒരു നിലയിലും ഗതാഗതയോഗ്യമല്ലാതെ അങ്ങേയറ്റം ദുഷ്കരമായ സ്ഥിതിയിലാണ്. കൊറോണ വൈറസ് വരുന്നതിനുമുമ്പ് ടൂറിസം സീസണിൽ ഒരു മിനിട്ടിൽ ഒരു വാഹനം വീതം ആ റോഡുവഴി സഞ്ചരിച്ചിരുന്നതാണ്. മൂന്നുനാല് മണിക്കൂറുകൾ കൊണ്ടാണ് ഇരുപത്തിനാല് കിലോമീറ്റർ ദൈർഘ്യമുള്ള ഈ റോഡിലൂടെ സഞ്ചരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly